ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 28.01.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ജനങ്ങളുടെ അഭിലാഷങ്ങൾ സഫലീകരിച്ചു കൊണ്ടാണ് രാജ്യം വികസനത്തിന്റെ പാതയിൽ മുന്നേറുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi inaugurated the 'Utkarsh Odisha, Make-in-Odisha Conclave' in Bhubaneswar today.**

2) മാനസ സരോവർ യാത്രയും, നേരിട്ടുള്ള വിമാന സർവീസുകളും പുനരാരംഭിക്കാൻ ഇന്ത്യയ്ക്കും, ചൈനയ്ക്കുമിടയിൽ ധാരണ.

**India and China review state of bilateral relations, Agree to resume Kailash Mansarovar Yatra, direct air services between two countries**

3) ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

**The political battle has intensified in the National Capital as the poll date is coming closer.**

4) വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം ലക്ഷ്യമിട്ടുള്ള ആദ്യത്തെ രാജ്യാന്തര കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി.

**VizhinjamConclave to showcase the development possibilities of Vizhinjam International Port begins today in Thiruvananthapuram.**

5) 38-ാമത് ദേശീയ ഗെയിംസിന് ഡെറാഡൂണിൽ ഇന്ന് തുടക്കം. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം നിർവഹിക്കും.

**38th National Games to kick off at Maharana Pratap Stadium in Dehradun today.**

6) **ഉത്തർപ്രദേശിലെ ബാഗ്പതിൽ 'ലഡ്ഡു മഹോത്സവ' ത്തിനിടെ താല്ക്കാലിക വേദി തകർന്നുവീണ് അഞ്ച് മരണം. നിരവധിപ്പേർക്ക് പരിക്ക്.**

**At least five people died and over 40 others were injured in a stampede following the collapse of a makeshift stage at the Bhagwan Adinath 'Nirvana Laddu Festival' in Uttar Pradesh's Baghpat today.**

*************************************

## PM – ODISHA … INTRO

ജനങ്ങളുടെ അഭിലാഷങ്ങൾ സഫലീകരിച്ചു കൊണ്ടാണ് രാജ്യം വികസനത്തിന്റെ പാതയിൽ മുന്നേറുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രണ്ട് ദിവസത്തെ ഉത്കർഷ് ഒഡീഷ: മേക്ക് ഇൻ ഒഡീഷ കോൺക്ലേവ് ഭുവനേശ്വറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. നിർമാണം,സേവനം തുടങ്ങിയ മേഖലകളിൽ ഇന്ത്യ മികച്ച പുരോഗതി കൈവരിച്ചതായും ഇതിനായി ഒഡിഷ വലിയ സംഭാവനകൾ നൽകിയതായും അദ്ദേഹം പറഞ്ഞു. തെക്ക് കിഴക്കൻ ഏഷ്യയുമായി ഇന്ത്യയെ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണിയാണ് ഒഡീഷയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി

(വോയിസ്)

20 വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ 7,500-ലധികം പേർ ഉത്കർഷ് ഒഡീഷ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്. ഒഡീഷയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും, നിർമ്മാണ കേന്ദ്രമായി ഒഡീഷയെ മാറ്റാനും ലക്ഷ്യമിട്ടാണ് കോൺക്ലേവ്. ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാഞ്ചി , കേന്ദ്രമന്ത്രിമാരായ ധർമേന്ദ്ര പ്രധാൻ, അശ്വിനി വൈഷ്ണവ് തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായി.

*************************************

## INDIA – CHINA

ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിൽ ധാരണ. മാനസ സരോവർ യാത്രയും, ഇരു രാജ്യങ്ങൾക്കുമിടയിലെ നേരിട്ടുള്ള വിമാന സർവീസുകളും ഇതിൻറെ ഭാഗമായി പുനരാരംഭിക്കും. അതിർത്തി മേഖലയിലെ നദികളുമായി ബന്ധപ്പെട്ട വിവരങ്ങൾ പരസ്പരം കൈമാറാനും തീരുമാനമായി. വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയും, ചൈനീസ് ഉപമന്ത്രിയും പങ്കെടുത്ത കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച ധാരണ.

*************************************

## JAISANKAR …… INTRO

ഇന്ത്യയ്ക്കും, മധ്യപൂർവ്വേഷ്യൻ രാജ്യങ്ങൾക്കുമിടയിൽ ചരിത്രപരമായിത്തന്നെ അടുത്ത ബന്ധം നിലനിൽക്കുന്നതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ. അബുദാബിയിൽ നടക്കുന്ന റെയ്സിന മിഡിൽ ഈസ്റ്റ് ഉദ്ഘാടന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വ്യാപാരം, സുരക്ഷ, നിർമാണം ഉൾപ്പെടെയുള്ള പൊതുതാത്പര്യ മേഖലകളിൽ ഗൾഫ് രാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനാണ് ഇന്ത്യ താത്പര്യപ്പെടുന്നതെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

(ഹോൾഡ്)

മൂന്ന് ദിവസത്തെ സന്ദർശനത്തിമായി യു.എ.ഇയിലെത്തിയ വിദേശകാര്യമന്ത്രി ഇന്ത്യൻ എംബസി സംഘടിപ്പിച്ച 76-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിലും പങ്കെടുത്തു.

*************************************

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. മുതിർന്ന ബിജെപി നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ ഇന്ന് ബദർപൂർ,

കസ്റ്റൂർബാ നഗർ മണ്ഡലങ്ങളിൽ റോഡ്ഷോ നടത്തും. ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാൾ വൈകിട്ട് ഘോണ്ടയിലും കരാവൽ നഗറിലും പൊതുയോഗങ്ങളിൽ പങ്കെടുക്കും. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പട്പർഗഞ്ച് മണ്ഡലത്തിൽ ഇന്ന് തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. അടുത്ത മാസം അഞ്ചിനാണ് ഡൽഹിയിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 8 ന് നടക്കും.

****************************************

## VIZHINJAM CONCLAVE

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം ലക്ഷ്യമിട്ടുള്ള ആദ്യത്തെ രാജ്യാന്തര കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി കെ.എൻ ബാലഗോപാൽ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. ലോകത്തിലെ മാരിടൈം, ലോജിസ്റ്റിക്സ് മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാകാൻ കേരളം തയ്യാറെടുക്കുന്നതിന്റെ ആദ്യ ചുവടു വയ്പ്പാണ് വിഴിഞ്ഞം കോൺക്ലേവ്. രണ്ട് ദിവസം നീണ്ട് നിൽക്കുന്ന കോൺക്ലേവിൽ ലോകത്തെ വിവിധ കമ്പനികളിൽ നിന്നായി 300 പ്രതിനിധികളും 50-ലധികം പ്രമുഖ നിക്ഷേപകരും പങ്കെടുക്കുന്നുണ്ട്.

****************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

****************************************

## PM-NATIONAL GAMES

38-ാമത് ദേശീയ ഗെയിംസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡെറാഡൂണിൽ ഉദ്ഘാടനം ചെയ്യും. മഹാറാണ

പ്രതാപ് സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര മന്ത്രിമാർ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികൾ, ദേശീയ താരങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. ഉത്തരാഖണ്ഡിലെ 11 നഗരങ്ങളിലായി ഫെബ്രുവരി 14 വരെയാണ് ദേശീയ ഗെയിംസ് നടക്കുന്നത്. 35 ഇനങ്ങളിലായി പതിനായിരത്തോളം പ്രതിഭകൾ മാറ്റുരയ്ക്കും. കേരളത്തിൽ നിന്നും 437 കായിക താരങ്ങൾ ഉൾപ്പെടുന്ന 550 അംഗ സംഘമാണ് 29 ഇനങ്ങളിലായി ഗെയിംസിൽ പങ്കെടുക്കുന്നത്. രാജ്യാന്തര ബാഡ്മിൻറൺ താരം പി.എസ് ജീന ഉദ്ഘാടന ചടങ്ങിൽ കേരളത്തിനായി പതാകയേന്തും.

***************************************

## RBI–UPI

രാജ്യത്തെ ഡിജിറ്റൽ പേയ്മെൻറുകളിൽ യുപിഐ പണമിടപാടുകൾ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ 83 ശതമാനമായി വർദ്ധിച്ചെന്ന് റിസർവ് ബാങ്ക്. 2019 ൽ 34 ശതമാനമായിരുന്നതാണ് 2024ൽ 83 ആയി ഉയർന്നത്. അതേസമയം, RTGS, NEFT, ക്രെഡിറ്റ് കാർഡുകൾ, തുടങ്ങിയ മറ്റ് പേയ്മെന്റ് സംവിധാനങ്ങളിലൂടെയുള്ള പണമിടപാടുകൾ 66 ശതമാനത്തിൽ നിന്ന് 17 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഡിജിറ്റൽ പേയ്മെൻ്റുകളുടെ വളർച്ചയ്ക്ക് യുപിഐ വലിയ സംഭാവന നൽകിയതായും ആർ.ബി.ഐ റിപ്പോർട്ടിൽ പരാമർശിക്കുന്നു.

***************************************

## BAGPHAT – LADDU MAHOTSAV INCIDENT

ഉത്തർപ്രദേശിലെ ബാഗ്പതിൽ ജൈന വിഭാഗക്കാർ സംഘടിപ്പിച്ച 'ലഡ്ഡു മഹോത്സവ'ത്തിനിടെ താല്ക്കാലിക വേദി തകർന്നുവീണ് അഞ്ച് മരണം. 40 ഓളം പേർക്ക്

പരിക്കേറ്റു. വേദി തകർന്നു വീണതിനെ തുടർന്നുണ്ടായ തിക്കിലും തിരക്കിലും പെട്ടാണ് അപകടം. രക്ഷാ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് നിർദേശം നൽകി.

****************************************

## MAHAKUMBH – MAUNI AMAVASYA

പ്രയാഗ്‌രാജിൽ മഹാകുംഭമേളയുടെ ഭാഗമായി നാളെ നടക്കുന്ന മൗനി അമാവാസ്യയ്ക്ക് സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി ഉത്തർ പ്രദേശ് സർക്കാർ. എ ഐ ക്യാമറകൾ ഉൾപ്പെടെ മൂവായിരത്തോളം നിരീക്ഷണ ക്യാമറകൾ പ്രദേശത്തുടനീളം സ്ഥാപിച്ചിട്ടുണ്ട്. അർദ്ധസൈനിക വിഭാഗങ്ങളിൽ നിന്നടക്കം 50,000 സുരക്ഷാ ഉദ്യോഗസ്ഥരെ മേഖലയിൽ വിന്യസിച്ചു. വെള്ളത്തിനടിയിലെ നിരീക്ഷണങ്ങൾക്കായി അണ്ടർവാട്ടർ ഡ്രോണുകളും ആദ്യമായി വിന്യസിച്ചിട്ടുണ്ട്. മൗനി അമാവാസ്യ ചടങ്ങിൽ പങ്കെടുക്കാൻ 10 കോടിയോളം തീർത്ഥാടകർ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

****************************************

## PALAKKAD – MURDER

പാലക്കാട് നെന്മാറയിൽ അയൽവാസികളായ അമ്മയെയും മകനെയും കൊലപ്പെടുത്തിയ കേസിലെ പ്രതി ചെന്താമരക്ക് വേണ്ടിയുള്ള തിരച്ചിൽ തുടരുന്നു. ഇയാൾ ഒളിച്ചിരിക്കാൻ സാധ്യതയുള്ള അറക്കമല, പട്ടിമല എന്നിവിടങ്ങളിലാണ് പോലീസ് തിരച്ചിൽ നടത്തുന്നത്. ഇന്നലെയാണ് കൊലക്കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതി അയൽവാസികളായ സുധാകരൻ അമ്മ ലക്ഷ്മി എന്നിവരെ വെട്ടി കൊലപ്പെടുത്തിയത്. 2019 ൽ സുധാകരന്റെ ഭാര്യ സജിതയെ കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ് ചെന്താമര. പ്രതിയെ പിടികൂടാത്തതിനെതിരെ യൂത്ത് കോൺഗ്രസ് നെന്മാറ

പോലീസ് സ്റ്റേഷനിലേക്ക് പ്രതിഷേധമാർച്ച് നടത്തി. മാർച്ച് പോലീസ് തടഞ്ഞതോടെ പ്രവർത്തകർക്കും പോലീസിനുമിടയിൽ സംഘർഷമുണ്ടായതായാണ് റിപ്പോർട്ടുകൾ.

****************************************

## I S L

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി - ജംഷഡ്പൂർ എഫ് സി യെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

****************************************

## CRICKET-IND VS ENG

ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ടി-20 ക്രിക്കറ്റ് മത്സരം രാജ്കോട്ടിൽ ഇന്ന് വൈകുന്നേരം 7 മണിയ്ക്ക് ആരംഭിക്കും. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം രണ്ട് കളികൾ ജയിച്ച് മുന്നിട്ട് നിൽക്കുകയാണ്.

****************************************

## SRI LANKAN NAVY

തമിഴ്നാട്ടിലെ കാരൈക്കൽ, നാഗപട്ടണം മേഖലയിൽ നിന്നുള്ള 13 മത്സ്യത്തൊഴിലാളികളെ സമുദ്രാതിർത്തി ലംഘിച്ചതിന് ശ്രീലങ്കൻ നാവിക സേന അറസ്റ്റ് ചെയ്തു. ഇതിൽ രണ്ട് പേർക്ക് വെടിവയ്പിൽ പരിക്കേറ്റതിനെ തുടർന്ന് ജാഫ്നയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇവരെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് മത്സ്യത്തൊഴിലാളി സംഘടനകൾ പ്രതിഷേധം ശക്തമാക്കിയിട്ടുണ്ട്

****************************************

## UNSC- CONGO

കോംഗോയുടെ കിഴക്കൻ പ്രദേശത്ത് എം 23 വിമതർ നടത്തുന്ന പ്രവർത്തനങ്ങളെ യുഎൻ രക്ഷാ സമിതി ശക്തമായി അപലപിച്ചു. വിമതർ വെടിനിർത്തൽ കരാർ പാലിക്കണമെന്നും ഐക്യരാഷ്ട്രസഭ അഭ്യർത്ഥിച്ചു. കോംഗോയിലുള്ള യു എൻ സമാധാന സേനാംഗങ്ങളുടെ സുരക്ഷയിലുള്ള ആശങ്കയും രക്ഷാസമിതി പങ്കുവച്ചു.

*******************************************

## PM - TRUMP

പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ടെലിഫോൺ സംഭാഷണം നടത്തി. ചരിത്രപരമായ രണ്ടാം വിജയത്തിൽ ശ്രീ മോദി ട്രംപിനെ അനുമോദിച്ചു. ജനങ്ങളുടെ ക്ഷേമത്തിനും ആഗോള സമാധാനത്തിനും വേണ്ടി ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അമേരിക്കൻ സന്ദർശന പരിപാടിയെ പറ്റിയും നേതാക്കൾ ചർച്ച ചെയ്തു.

*******************************************

## ICC WOMEN CRICKETER OF YEAR

ഐസിസി-യുടെ 2024 ലെ മികച്ച വനിതാ ക്രിക്കറ്റർക്കുള്ള റേച്ചൽ ഹെയ്ഹോ ഫ്ലിന്റ് ട്രോഫി ന്യൂസിലൻഡ് താരം അമേലിയ കെറിന്. ദക്ഷിണാഫ്രിക്കൻ ക്യാപ്റ്റൻ വോൾവാർഡ്, ശ്രീലങ്കയുടെ ചമരി അത്തപത്തു, ഓസ്ട്രേലിയയുടെ അന്നബെൽ സതർലാൻഡ് എന്നിവരെ മറികടന്നാണ് അമേലിയ കെറിന്റെ നേട്ടം .

*******************************************

## CM - KOZHIKODE

മലയോര ഹൈവേയുടെ ഭാഗമായ കോഴിക്കോട് കോടഞ്ചേരി – കക്കാടം പൊയിൽ റീച്ച് ഫെബ്രുവരി 15 ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. മലയോര ഹൈവേ നിർമ്മാണത്തിലെ ഏറ്റവും ദൈർഘ്യമേറിയ റീച്ചാണ് ഇപ്പോൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യുന്നത്. കിഫ്ബി ധനസഹായത്തോടെ 195 കോടി രൂപ ചെലവഴിച്ചാണ് 34 കി.മി പ്രവൃത്തി പൂർത്തീകരിച്ചത്.

**************************************************************************************************************************************
***************